പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.6016

04/07/2019-ൽ മറുപടിയ്ക്ക്

## ഇംഗ്ലീഷ് അധ്യാപകരെ നിയമിക്കുവാൻ നടപടി

| ചോദ്യം<br>**ശ്രീ.എം. വിൻസെന്റ്** | | മറുപടി<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | തിരുവനന്തപുരം ജില്ലയിൽ അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്തിയ സർക്കാർ ഹൈസ്കൂളുകൾ ഏതെല്ലാമാണെന്നും പ്രസ്തുത സ്കൂളുകളിൽ ഇംഗ്ലീഷ് അധ്യാപകരില്ലാത്തവ ഏതെല്ലാമാണെന്നും അറിയിക്കാമോ; | (എ) & (ബി) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി കിഫ്ബിയുടെ 5 കോടി രൂപ ധനസഹായത്തോടെ ഒരു നിയോജക മണ്ഡലത്തിലെ ഒരു സ്കൂളിനെ വീതം തെരഞ്ഞെടുത്ത് മികവിന്റെ കേന്ദ്രമാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ആയതിൽ ഹൈസ്കൂൾ / ഹയർസെക്കന്ററി / വൊക്കേഷണൽ ഹയർസെക്കന്ററി എന്നിവ ഉൾപ്പെട്ടിട്ടുണ്ട്. ആയതിൽ തിരുവനന്തപുരം ജില്ലയിലെ 14 സ്കൂളുകളെ ഉൾപ്പെടുത്തിയിട്ടുണ്ട്. അവ താഴെപ്പറയുന്നു. |
| (ബി) | പ്രസ്തുത ജില്ലയിൽ അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്തുവാൻ നടപടി സ്വീകരിച്ചിട്ടുള്ള സർക്കാർ ഹൈസ്കൂളുകൾ ഏതെല്ലാമാണെന്നും പ്രസ്തുത സ്കൂളുകളിൽ ഇംഗ്ലീഷ് അധ്യാപകർ ഇല്ലാത്തവ ഏതെല്ലാമാണെന്നും അറിയിക്കാമോ; | |

1) വർക്കല ഗവ.എച്ച്.എസ്.എസ്
2) ആറ്റിങ്ങൽ ഗവ. മോഡൽ ബോയ്സ് എച്ച്.എസ്.എസ്
3) നെടുമങ്ങാട് ഗവ.ജി.എച്ച്.എസ്.എസ്
4) വെഞ്ഞാറമൂട് ഗവ.മോഡൽ എച്ച്.എസ്.എസ്
5) കഴക്കൂട്ടം ഗവ.എച്ച്.എസ്.എസ്
6) ഗവ. മോഡൽ ഗേൾസ് എച്ച്.എസ്.എസ്, പട്ടം
7) കാർത്തിക തിരുനാൾ ജിവി & ജി.എച്ച്.എസ്. എസ്, മണക്കാട്
8) മുദാക്കൽ ഇളമ്പ ജി.എച്ച്.എസ്.എസ്
9) കാലടി ജി.എച്ച്.എസ്
10) മാരായമുട്ടം ജി.എച്ച്.എസ്.എസ്
11) മലയിൻകീഴ് ജി.ജി.എച്ച്.എസ്.എസ്
12) ബാലരാമപുരം ജി.എച്ച്.എസ്.എസ്
13) നെയ്യാറ്റിൻകര ജി.എച്ച്.എസ്.എസ്
14) പൂവച്ചൽ ഗവ. വി & എച്ച്.എസ്.എസ്

അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്തിയ സ്കൂളുകളിൽ 13 ഹൈസ്കൂളുകളിലും എച്ച്.എസ്.എ ഇംഗ്ലീഷ് അദ്ധ്യാപകർ ഉണ്ട്. ഗവൺമെന്റ് എച്ച്.എസ്. കാലടിയിൽ എച്ച്.എസ്.എ ഇംഗ്ലീഷ് അദ്ധ്യാപകർ ഇല്ല .

| | |
|---|---|
| (സി) അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്തിയ ഇംഗ്ലീഷ് അദ്ധ്യാപകരില്ലാത്ത സർക്കാർ ഹൈസ്കൂളുകളിൽ അവരെ നിയമിക്കുവാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ? | (സി) സ്റ്റാഫ് ഫിക്സേഷൻ പ്രകാരം മതിയായ എണ്ണം വിദ്യാർത്ഥികൾ ഇല്ലാത്തതിനാലാണ് ഇംഗ്ലീഷ് അദ്ധ്യാപകരെ നിയമിക്കാത്തത്. |

Namitha T

സെക്ഷൻ ഓഫീസർ